
little
KITEs
MAGAZINE
TALENT
GHSS PADINHARATHARA

# ആശംസ



**ഇബ്രാഹിം എ പി.** PTA പ്രസിഡണ്ട്

നവകേരള സൃഷ്ടിയിൽ ആണ് നാം. ആയതിൽ വിദ്യാർത്ഥികളുടെ പങ്ക് വളരെ നിർണായകമാണ്. വിദ്യാർത്ഥികൾ നവകേരള സൃഷ്ടി എന്ന ദൗത്യം ഏറ്റെടുത്തു നടപ്പാക്കുമ്പോൾ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പിന്തുണ അവശ്യ ഘടകം തന്നെയാണ്. അതിൽ പ്രാധാന്യം അർഹിക്കുന്നതാണ് വിവരസാങ്കേതികവിദ്യ. ഈ മേഖലയിൽ നമ്മുടെ സ്‌കൂളിൽ പ്രവർത്തിച്ചുവരുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്, കുട്ടികളുടെ സർഗ്ഗവാസനകളെ ഡിജിറ്റലൈസ് ചെയ്ത് "ടാലൻറ് "എന്നപേരിൽ ഒരു *ഇ-മാഗസിൻ* പ്രസിദ്ധീകരിക്കുന്നു എന്ന് അറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ശ്രമകരമായ ഈ ഉദ്യമത്തിൽ പങ്കാളികളായിട്ടുള്ള എല്ലാവരും അഭിനന്ദനം അർഹിക്കുന്നു. വിദ്യാർഥികളുടെ സർഗശേഷിയും സാങ്കേതികവിദ്യയും കൈകോർത്ത് രൂപം കൊടുക്കുന്ന ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

GHSS Padinharathara

# ആശംസ.....



**ബിജുകുമാർ പി**

<u>പ്രിൻസിപ്പൽ, GHSS പടിഞ്ഞാറത്തറ</u>

അറിവിന്റെ അനന്ത വിഹായസ്സിൽ കുരുന്നു
ഭാവനകൾ അക്ഷരങ്ങളുടെ ചിറക
വിടർത്തി സീമകൾ ഇല്ലാതെ പറന്നുല്ലസിക്കട്ടെ.
അജ്ഞാനമാകുന്ന അന്ധകാരത്തിൽ നിന്നും
വിജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് അനസ്യൂതം
ഒരു വിസ്മയയാത്ര തീർക്കാൻ നമ്മുടെ പ്രതിഭകൾക്ക്
ഈ മാഗസിൻ പ്രചോദനമാകും. അനുദിനം മാറുന്ന
ഇന്നിന്റെ ലോകത്ത് ഇന്നലെയെ മറക്കാതിരിക്കാൻ
കാലത്തിന്റെ ഹൃദയത്തിൽ ചാർത്തുന്ന ഒരു
കൈയ്യൊപ്പ്. ചെറു മുകുളങ്ങൾ ഓരോന്നും വിടർന്ന്
നിറകുസുമങ്ങളായി സൗരഭ്യം പകരട്ടെ. സദുദ്യമങ്ങള
വിജയങ്ങളാക്കി മാറ്റാൻ നാമോരോരുത്തരും
പ്രതിജ്ഞാബദ്ധരാണ്. നിറഞ്ഞ ഭാവുകങ്ങൾ.....

# MESSAGE



**Tessy Mathew, Headmistress**

Dear students, You are the nation builders. You are the movers of technology. You are agents of change. The knowledge that you will gain, the technical skills that you will learn to apply, the fine qualities that you will imbibe will be the major contribution to the society.

Art helps to bring out the beauty of life in its noblest forms. It elevates the beautiful spirit of life for everyone to see and enjoy. Such a spirit silently convey the message of love, humour, affection and peace.

I appreciate the leaders, Little Kites unit of our school for inculcating creative thinking in students. My best wishes for these creative footsteps in digital technology, becoming a huge success.

## മുഖമൊഴി

### ടാലൻറ്.....

അനല്പമായ ആഹ്ലാദമുണ്ട്
വിവരസാങ്കേതികവിദ്യയുടെ
തോളിലേറി കുഞ്ഞി പട്ടങ്ങളുടെ ഈ
ഭാവനാസഞ്ചയം, ഒട്ടേറെ പരിമിതികളുടെ
പാരമ്യതയിൽ നിന്നും പ്രസിദ്ധീകൃതമാകുമ്പോൾ..
ഗണപരമല്ല ഗുണപരമായിരുന്നു ഇതിന്റെ സൃഷ്ടി പഥത്തിലെ ശ്രദ്ധ.
വിഭവസമൃദ്ധമാണെന്ന അവകാശവാദമില്ല. ഇത്തിരിയുള്ളത്
സ്വാദിഷ്ഠമാക്കാൻ, കെട്ടിലും മട്ടിലുമെല്ലാം
നീതിപുലർത്താൻ ശ്രമിച്ചിട്ടുണ്ട്. സർഗ്ഗവാസനകൾക്ക്
വിടർന്നു പറക്കുവാൻ ഇന്ന് ഒരുപാടുണ്ട് നൂതന
പന്ഥാവുകൾ.  എഴുത്ത് ബ്ലോഗുകളും അനന്തമായ
ഇൻറർനെറ്റ് പ്രപഞ്ചവും അതിലെല്ലാമുപരി അനുദിനം
കുതിക്കുന്ന എണ്ണമറ്റ നവസാങ്കേതിക സാമൂഹ്യമാധ്യമങ്ങളും
അവസരങ്ങളൊരുക്കി കൈ മാടി വിളിക്കുകയാണ്.
കൗമാര സങ്കൽപ്പങ്ങൾക്ക് ചിറകു കുരുക്കുന്ന,
എന്തിലുമേതിലും കൗതുകം തുളുമ്പുന്ന ഈ പ്രായത്തിൽ
സ്വന്തം ഭാവനാസ്വപ്നങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ
നിറച്ചാർത്തണിഞ്ഞ് ചമഞ്ഞൊരുങ്ങി നിൽക്കുന്നത്
കാണാനും കൊതിയുണ്ടാവും. ഒത്തിരി സുന്ദരിയായ
ഈ കുഞ്ഞു ' ടാലൻറിനെ ' താലോലിക്കാനായി
സസന്തോഷം.. സ്വാഭിമാനം.. സവിനയം നിങ്ങളുടെ
കൈയേൽപ്പിച്ചു തരികയാണ്.

**പത്രാധിപസമിതി.**

## അംഗങ്ങൾ



യൂണിറ്റ് അംഗങ്ങൾ - ലിറ്റിൽ കൈറ്റ്സിന്റെ തനത് യൂണിഫോമിൽ



**Editors**

## പത്രാധിപസമിതി



Tessy Mathew (Headmistress)



M G Unni (Kite Master)




Athulya Ajeendran (Student Editor)



Ambili C (Kite Mistress)



Sheharan



Adarsh U Kite Leader



Misba Sherin



Muhammad Shahil



Muhammad Bishar



Athil Nissan



Athul Krishna



Safvanath



Aswin

+


# ഈ താളുകളിലൂടെ.....


| | | | |
|---|---|---|---|
| മധുര നൊമ്പരങ്ങൾ | കവിത | ഗൗതമി എസ് | 2. |
| കണ്ണീരിന്റെ അണ പൊട്ടുമ്പോൾ | കഥ | അനഘ മോൾ ഭാസ്കർ | 5. |
| അസ്തമയം | കവിത | ആവണി പ്രസാദ് | 8. |
| Nature of nature | Essay | Athulya Ajeendran | 11. |
| പ്രഭാത പ്രകൃതി | കവിത | മുഹമ്മദ് കെ | 14. |
| വിഹ്വലത | ഡിജിറ്റൽ പെയിന്റിംഗ് | മുഹമ്മദ് ഷഹീം | 15. |
| दिल | कविता | अम्बिली सी | 16. |
| അകലുന്ന വസന്തം | കവിത | അഭിന ബിജോസ് | 17. |
| तेरी वजह | कविता | गौतमी एस | 21. |
| ചിത്ര രചനകൾ | ജലഛായം | ആദർശ് & സജൻ | 24. |
| മഴ തന്ന മേൽവിലാസം | കവിത | പ്രീത ജെ പ്രിയദർശിനി | 26. |
| ഒറ്റയിതൾ പൂവ് | കവിത | ആദർശ് യു | 28. |
| Arrival of silence | Poem | Sayanth P Raj | 30. |
| കാഴ്ച | ഡിജിറ്റൽ പെയിൻറിംഗ് | മുഹമ്മദ് ഷഹീം | 33. |
| നന്ദിയുടെ ഒരു വാക്ക് കൂടി..... | | | 34. |

# മധുരനൊമ്പരങ്ങൾ

കവിത

അർത്ഥശൂന്യതയുടെ
നിഗൂഢമായ ആഴങ്ങളിൽ
ഏതോ നിധി തേടി-
യിറങ്ങുകയാണ്.



ഗൗതമി.എസ്-10 E



പാടിയൊഴുകുന്ന
വാക്കുകളെ
വാഗ്ദാനങ്ങളാൽ
തന്നിലേക്കടുപ്പിക്കുന്ന
കടൽ,
അവളെ
നിസ്സഹായയാക്കുന്നു.

പറന്നുനടന്ന
മനുഷ്യാവകാശങ്ങളുടെ ചിറക്
ഏതോ
വാളുകളാൽ
വീഴ്ത്തപ്പെടുന്നു.

വിശ്വാസങ്ങളിലെ വൈവിധ്യം
വിരോധാഭാസങ്ങളായി
മലയിൽ
ചെന്നിടിച്ചു നിൽക്കുന്നു.

പാറിനടക്കേണ്ട പൂമ്പാറ്റകൾ
കാലഘട്ടത്തിന്റെ
പുഴുവായ് തന്നെയും
ഇലകളെ
പ്രണയിക്കുന്നു.

അഹങ്കാരത്തിന്റെ
ആർപ്പുവിളികൾ
ചക്രങ്ങൾക്കിടയിലേക്ക്
അതിവേഗം...

ഞാൻ ഒത്തിരി ശ്രമിച്ചു,
പോകട്ടെ,
എല്ലാ യാഥാർഥ്യങ്ങളും
ഞാനെന്റെ
പുറംതോടിനുള്ളിൽ
അടക്കി,
ഒതുക്കി,
ചുരുട്ടി വെച്ചിരിക്കുന്നു,

അതൊരിക്കൽ,
നിർജീവമാകും
മധുരനൊമ്പരങ്ങളുടെ
ലാളനയും
അർഥവത്തായ
ജീവിതങ്ങളേകിയ
ചുടുശ്വാസത്തിന്റെ
പൊള്ളലുമേറ്റ
അതിനെ
ഈ സമൂഹമൊരിക്കൽ
കണ്ടെടുക്കും;

സാർഥകമായ ജീവിതത്തിന്റെ
ശുഭകരമായ
ശംഖധ്വനി
ഈ ലോകമാകെ
വ്യാപിക്കട്ടെ...

# കണ്ണീരിന്റെ അണപൊട്ടുമ്പോൾ

കഥ



അനഘമോൾ ഭാസ്കർ- 9 E

അവളുടെ കണ്ണുകൾ കണ്ണീർതൂവി കവിളിലൂടെ ഒലിച്ചിറങ്ങുകയാണ്. ആ കണ്ണുകളിൽ പ്രജ്ഞ നശിച്ച യുവത്വത്തിന്റെ വേരുകളുണ്ടായിരുന്നു. അടുത്തുള്ള പുഴയോരത്തിൽ വെള്ളാരം കല്ലുകൾ തന്റെ പ്രിയപെട്ട നദിയെ കൂടുതൽ വർണശലഭമാക്കിയിരുന്നു. മനസ്സിന്റെ വിങ്ങലുകൾ നദിയോട് പറയുന്ന അവൾക്കിനി തന്റെ മനസ്സിനെ ശാന്തമാക്കാൻ ആ നദി ശാന്തമായി,കുളിർത്ത മണിത്തെന്നൽ നൽകി പ്രവഹിക്കില്ല. ഇവൾ കരയുന്നത് തന്റെ സങ്കടങ്ങൾ കേൾക്കുന്ന നിശബ്ദയാർന്ന കൂട്ടുകാരിയായ പുഴയക്കുവേണ്ടിയാണ്. വിഹായസിന്റെ നീലിമയിൽ  അവൾ വീണ്ടും മൗനമായ് കണ്ണുകളടച്ചു  അണപൊട്ടിയൊഴുകുന്ന തന്റെ കണ്ണുകളെ ഇനിയും കരയരുതെന്ന് മന്ത്രിച്ചുകൊണ്ടിരുന്നു. എല്ലാവരുടെയും മനസ്സിലും ഭീതിനിറയുകയാണ് . ഇന്നോ നാളെയോ... അവളുടെ കിടപ്പാടം കുറേ കഴിയുമ്പോൾ ഭൂതകാലത്തിന്റെ നൊമ്പരങ്ങളിൽ മാത്രം അവശേഷിക്കും.

മോളെ.... പാറൂ... നീ ഇത് എന്ത് എടുക്കുവാ.. വേഗം വന്നേടാ ദേ ആപ്പീസംമാര് വന്നിരിക്കണ്". അതുകേട്ടപ്പോൾ അവളുടെ കണ്ണിൽ കണ്ണുനീർ ആയിരുന്നില്ല. കടുത്ത രോഷം ഉയർത്തുന്ന തീജ്വാലകൾ ആയിരുന്നു.

'ആരേലും വന്നോട്ടെ...അയ്ന് നിക്കെന്താ അമ്മ പോയാമതി." കണ്ണുനീർ തുടച്ചുകൊണ്ട് നിന്നും അവൾ തന്റെ നിശബ്ദ സുഹൃത്തിനെ കാണാൻ കാതോർക്കാൻ ഓടിയകന്നു.

"ഹലോ..... നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ ഈ പുഴ യോരത്ത് ഉള്ള വീടുകൾ ഒഴിഞ്ഞുപോകണമെന്ന്. ഇവിടെ ഒരു അണക്കെട്ട് വരാൻ പോകുന്നു അതിനാൽ നിങ്ങൾ ഇവിടം ഒഴിയുക"

"ആരേലും വന്നോട്ടെ...അയ്ന് നിക്കെന്താ അമ്മ പോയാമതി." കണ്ണുനീർ തുടച്ചുകൊണ്ട് നിന്നും അവൾ തന്റെ നിശബ്ദ സുഹൃത്തിനെ കാണാൻ കാതോർക്കാൻ ഓടിയകന്നു.

"ഹലോ..... നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ ഈ പുഴയോരത്ത് ഉള്ള വീടുകൾ ഒഴിഞ്ഞുപോകണമെന്ന്. ഇവിടെ ഒരു അണക്കെട്ട് വരാൻ പോകുന്നു അതിനാൽ നിങ്ങൾ ഇവിടം ഒഴിയുക"

"സാറന്മാരെ എനക്ക് ഒരു മോള്. എന്തിനാ ആ പുഴ നശിപ്പിച്ച് ഇങ്ങള് പറയുന്നത്. ഞങ്ങൾ ഏട പോകാനാ" "നിങ്ങൾക്ക് സർക്കാരിൽനിന്നും എന്തെങ്കിലും പ്രതീക്ഷിക്കാം.. ഓക്കേ ഞങ്ങൾ വേണ്ടത് പറഞ്ഞു". അവൾ കൂരയിൽ നിന്നും നടന്നകന്നു. പാറു അവൾ തന്റെ

കൂട്ടുകാരിയുടെ ജീവസ്സറ്റ വെള്ളം കൈക്കുമ്പിളിൽ കോരിയെടുത്ത് വരണ്ടുണങ്ങിയ മുഖം കഴുകി. ആ കൈകടന്ന വെള്ളം അവളെ ചുംബിക്കും വിധം താൻ മരിക്കുകയാണെന്ന് മൗനമായി മൊഴിയുന്നതുപോലെ അവൾക്കു തോന്നി.


നാളെ നീ ശാന്തമായി ഒഴുകും നിന്റെ ഒഴുക്കിന് താളമിട്ടു കൊണ്ട് ഇനി ഞാൻ ഉണ്ടാവില്ല. നീ മരിച്ചാൽ ഞങ്ങളും വഴിയാധാരമാകും നമ്മളെ നശിപ്പിക്കാൻ എന്തു തെറ്റാ...എന്ത് തെറ്റ് നാം ഇവരോടൊക്കെ ചെയ്തത്. അണക്കെട്ട് വരാൻ പോന്നു പോലും. അപ്പോൾ അത്ര വലിയതൊന്നുമല്ല....... ജീവൻ.



എനിക്കിപ്പോ പറയാനൊന്നും ആരുമില്ല. നിന്നോടല്ലാതെ ആരോട് ഞാനിത് പറയാ. എനിക്ക് പേടിയാ നീയെൻറെ കൂട്ടുകാരിയാണ്.... ഒരിക്കലും മരിക്കാത്ത എന്റെ കൂട്ടുകാരി. അവളത് പറയുമ്പോൾ വെയിലിനെ കാഠിന്യം കുറഞ്ഞു കുറഞ്ഞു വന്നു. സായന്ത പ്രഭയിൽ മഞ്ഞു മൂടിയ താഴ്‌വര പോലെ അവൾ മങ്ങിയ വെട്ടം മാത്രമായി അവശേഷിച്ചു.

അവൾ മെല്ലെ മെല്ലെ നിരാലംബയായി തന്റെ ഗൃഹത്തിലേക്ക് നടന്നകന്നു. അന്നു നദി ഒഴുകിക്കൊണ്ടേയിരുന്നു. അപ്പോഴും അത് ശാന്തമായിരുന്നു. നിലാവ് പെയ്യുന്ന ആ രാത്രിയിൽ പൂർണ്ണചന്ദ്രനു വിടവാങ്ങി. തന്റെ നാടിനേയും ഓളങ്ങളിൽ തട്ടി പ്രതിഫലിക്കുന്ന പുഴയേയും ഓർത്തോർത്ത് അവൾ കരഞ്ഞു കൊണ്ടേയിരുന്നു. അവൾക്ക് കണ്ണ് കാണാൻ മാത്രം ഉള്ളതായിരുന്നില്ല... കരയാനും വേണ്ടിയായിരുന്നു. തന്റെ ജീവിതം ഒരു പുഴപോലെ ഒഴുകിക്കൊണ്ടേയിരുന്നു. അവസാനം രാത്രി ഏതോ യാമത്തിൽ തന്റെ കാലുകൾ പുഴയിലേക്ക് വലിച്ചു നടന്നു. പുലർച്ചെ ഒരു വാർത്ത വന്നു.

പുഴയിൽ ഒരു ശവം പൊങ്ങിയിരിക്കുന്നു അത് അവൾ ആകാതിരിക്കാം. അവളും പുഴയും ഒന്നായി മാറിയിരിക്കാം. നാളെയും കണ്ണീരുകൾ ബാക്കിവെക്കാതെ ജീവിതവുമായി ഒരു തേങ്ങൽ.. അവൾ പൊലിഞ്ഞു.



# അസ്തമയം

## കവിത





ആവണി പ്രസാദ്  10 A

മിന്നാമിനുങ്ങിന്റെ
നുറുങ്ങുവെട്ടം, ലോകത്തിന്
മഹിമയാണെന്ന്
രാത്രി മനസ്സിലാക്കിയത്
സൂര്യൻന്റെ ഹാജർ
രേഖപ്പെടുത്താതായപ്പോൾ
പാതിവിരിഞ്ഞമൊട്ടിന്റെ
സുന്ദരമായ പുഞ്ചിരി
മറ്റു പൂക്കൾ ശ്രദ്ധിച്ചത്
വാക്കുകളിലെ രക്തക്കറ
ചുവരിൽ പതിഞ്ഞപ്പോൾ
ആൾക്കൂട്ടത്തിനിടയിൽ
നിസ്സഹായതയോടെ
സഫലമാകാത്ത സ്വപ്നങ്ങളുമായി
നിൽക്കുമ്പോൾ ഒരിക്കലെങ്കിലും
ആഗ്രഹിച്ചു,
" വർഗീയത തുലയട്ടെ"

പക്ഷേ ഹൃദയത്തിന്
മുഷ്ടി പോരെന്ന് അറിഞ്ഞില്ല
ഉയരങ്ങളിലേക്ക് പറക്കുന്ന
പക്ഷി,
തന്റെ ചിറകുകൾ തളരുന്ന
അസ്വസ്ഥത അറിയാതെ
മുന്നോട്ട് നീങ്ങി
സ്റ്റോപ്പിങ് പോയിന്റിലെ
ചുവന്ന റിബ്ബൺ പൊട്ടിച്ചു
മീനുകളുമായി സല്ലപിച്ച്
ഒഴുകാൻ ആഗ്രഹിച്ച പുഴ
കുറച്ചു നിമിഷം
തെക്കിനെ മുഖം കാണിച്ചു
ദിക്കറിയാതെ നീങ്ങിയതിനാൽ
ഭാവി, സ്വർഗീയതയുടെ
പ്രാധാന്യം അറിഞ്ഞില്ല.
തുടർച്ചയായി എഴുതിയ പേന
മഷിയില്ലാതെ തുടർന്നപ്പോൾ
കടലാസ് പ്രക്ഷോഭിച്ചു
കാരണം അക്ഷരങ്ങൾക്ക്
അർഹിച്ച പ്രാധാന്യം ലഭിച്ചില്ല.
പറക്കാൻ ആഗ്രഹിച്ച കോഴിക്കുഞ്ഞിനെ
റാഞ്ചിയെടുത്ത പരുന്ത്
ചുവരുകൾക്കിടയിലെ
കറുത്ത കൈകളെ ഓർമ്മിപ്പിച്ചു.

കൃഷ്ണമണി നഷ്ടപ്പെട്ട കണ്ണ്
വെന്തുനീറി ചാരമാകുമ്പോൾ
അവർ അറിയുന്നില്ല, അവൻ
വാനോളം ഉയർന്ന്
നക്ഷത്രമായി ജ്വലിച്ചുനിൽക്കുന്ന
ദേവ രഹസ്യം
സ്വാർഥത പകർച്ചവ്യാധി
ആയിരിക്കണം
കരുക്കൾ നീക്കിയ സ്വാർത്ഥൻ
രാജ്യവും സംസ്കാരവും
വെട്ടിപ്പിടിച്ചു.
ഉടവാൾ നഷ്ടപ്പെട്ട രാജാവിനു
രാജ്ഞിക്കും,
അലങ്കാരമായ ഭീതിയും, ഏങ്ങലും
ചന്ദ്രഗ്രഹണ സമയത്തെ
പ്രകൃതി നിശ്ചലതയെ സൂചിപ്പിച്ചു
പ്രത്യാശയുടെ കവാടത്തെ
പറമ്പിലെ ആറടി സ്വർഗം
മാടി വിളിക്കുമ്പോൾ
ബുദ്ധിയുള്ള മന്ദബുദ്ധികൾ
മനസ്സിലാക്കിയില്ല
അസ്തമയമില്ലാത്ത
സൂര്യന്റെ കഥ.

# The 'nature' of Nature

*Essay*





**Athulya Ajeendran- 9.A**

Finally , Nature started to return everything (harmful intervention) man had put in. The days passed are still like a



nightmare full of thunder and lightning in a rainy season. 2018, months of June and July were the days which we can never forget . Many of our 'soulmates' washed away in the flood . Many families lost their 'anchors'. Kerala shock- struck for days.


Kerala had many loses in 2018. At first, we feared we could not survive this disaster. Many houses and buildings were drenched off in the flood. We all were the victims or witnesses of this calamity faced by Kerala. For many days, it was a scene of tragedy everywhere. Many people lost their houses and all their Investments. Many of them lost their families.

The flood adversely affected Kerala and cut off its transport and had a face to face encounter with death and epidemics. many people's sacrifices,especially the timely intervention of fishermen of Kerala, People from other states and Nations helped us a lot. Many of them sacrificed their lives !Government started relief camps in many places. With the use of Social media like Facebook, Whats App people,especially young generation, actively participated in rescue operations.

Everywhere people were requesting for help. In lifeboat, helicopters and using other resources people saved each other. without food and water including children and aged people, everyone was asking for help. As the water level increased many places in hill valleys came under the water.

*All these reactions came because of our actions to nature. As Newton's third law says,' every action has equal and opposite reaction', every actions we did to nature is reacted to us. We make buildings by destroying fields which are the extra storing stores of water of Earth. We closed the mouth of Earth with 'concrete forests' where once earth absorbed water . We threw plastics everywhere, some of water resources of Earth came to an end.*

*Now, Kerala is coming back slowly to its earlier status. With the continuous support of everyone, including not only Keralites also others from other states and Nations, we won the flood with coordination and equality. There were no caste and religion for helping others. No one goes backward in rescue activities everyone rushed for the to the relief camps many food kits and stationery items came.*



# പ്രഭാത പ്രകൃതി

കവിത






മുഹമ്മദ് .കെ

പ്രഭാതം ഒരു തണുത്ത
തുണികൊണ്ട് എന്നെ അണച്ചു കൂട്ടി
സത്യമാണ് സ്നേഹമാണ്
എൻ പ്രകൃതി.
പ്രഭാതവും വിഷാദങ്ങളും
ശരങ്ങളും പൂക്കളും
എൻ മനസ്സിനെ തഴുകാൻ തേടിയെത്തി
കാത്തിരിക്കാം ഓർത്തിരിക്കാം
ആ പ്രഭാത പ്രകൃതിയെ
തഴുകാൻ എൻ ഹൃദയം തുടിക്കുന്നു
വഴിയോരങ്ങളിൽ കാത്തുനിൽക്കുന്ന
എൻ സഖിയെ പോലെ
എന്നെ കാത്തിരിക്കുന്ന സുന്ദരമാം
പ്രകൃതിയെ....

# വിഹ്വലത

ഡിജിറ്റൽ പെയിന്റിംഗ്





മുഹമ്മദ് ഷഹീം 10 A



# दिल

हिन्दि कविता



*अम्बिली सी*

*हैस्कूळ् अध्यापिक (हिन्दि)*

प्रेम भरा सागर है तू !
अशांत लहरें है तेरा !
दूत पवन है तेरा,
यादें सखा है तेरा ।
पवन की बातें सुनने में
सखा के साथ चलने में
*लपट बन जाता है तू.....*

# അകലുന്ന വസന്തം

കവിത



അഭിന ബിജോസ് *10-A*

*വന്നു ചേരുന്നതിനു*

*ആശ വച്ചിരുന്നു*

*ആർത്തുല്ലസിക്കുവാനുള്ള*

*ആ വസന്തനാൾ,*

*ഭാഗ്യമെന്നെന്നും*

*കരുതിയിരുന്നു*

*ഭാഗ്യം പോൽ*

*വരാനിരുന്ന ആ സുഗന്ധനാൾ.*

*ചേർത്തിണക്കിയിരുന്നു*


*സഹയാത്രികരെയെല്ലാം,*

*കരുതിയിരുന്നു മുമ്പേ*

*കൂടെ കരുതേണ്ടവയും.*

സാധിച്ചില്ല പകച്ചു നിൽക്കുവാനല്ലാതെ,
ദുർബലയാമെനിക്കു
അകലുന്ന വസന്തം
തൻ മുന്നിൽ.
ആശുപത്രി മുറിയുടെ
നാലു ചുവരുകൾക്കിടയിലായി
തളം കെട്ടിക്കിടക്കുന്നുവെൻ
മോഹങ്ങളെല്ലാം.

*സിറിഞ്ചിനും മരുന്നുകുപ്പികൾ-*
*ക്കുമിടയിൽ ഞെരുങ്ങിയമരുവാ-*
*നായിരുന്നു പാവമെൻ*
*മോഹത്തിൻ വിധി.*



സഹശയ്യരായി കിടന്നു
നിരവധി രോഗങ്ങൾ
എൻ ചാരത്തുള്ള ശയ്യയിലെല്ലാം.
മൂർച്ഛിച്ച വേദനതൻ
രോദനങ്ങൾ
നടനമാടുവാൻ
തുടങ്ങി എൻ ചുറ്റിലും.
ഭ്രാന്തമാം ആ ചുറ്റുപാടിനെ
നിമിഷങ്ങൾക്കുള്ളിൽ
വെറുത്തുപോയി ഞാൻ.
ആശകൾക്കൊക്കെയും
നിരാശകളാകുവാൻ
രണ്ടക്ഷരമേ തടസ്സമുള്ളു.
മരുന്നുചുവ ലവലേശമില്ലാത്ത
വായുവിനെ പുണരുവാൻ
വേണ്ടിയാകണം
പുറത്തു കടക്കുവാൻ
ഒരു മാത്ര ഞാനും
കൊതിച്ചുപോയി.


ചാരത്തെത്തിയ വസന്തം
അകന്നെങ്കിലും
ഭ്രാന്താന്തരീക്ഷത്തെ
വേർപിരിഞ്ഞതിൽ
ഉണ്ടായി ആഹ്ലാദം
തെല്ലെന്നിൽ.
മനക്കോട്ട നമ്മെ
ചതിച്ചീട്ടുമെന്ന
സത്യം പഠിച്ച ഞാനാ
നാല്ല നാളിനുള്ളിൽ
ചേർത്തിണക്കിയവരുടെ
ഉല്ലാസവർണ്ണനം
ഔഷധിയെക്കാളും
ഊർജ്ജസ്വലം.
ബോധ്യമായി ഒന്ന്-
ജീവിച്ച തീർക്കുവാൻ
പ്രയാസം വിളമ്പുന്നത്
ഭാവി കാലങ്ങളല്ല ,
ഇന്നുകൾ മാത്രം.



# तेरी वज़ह

कविता





गौतमी एस –*10-E*

*पेड़ की छायाघर के पास*

*सुंदर से सुंदर उड़ते वक्त*

*हे मनुष्य,*
*तूने क्या किया?*
*खेतों की हरियाली*
*सड़कों के पास*
*सुंदर से सुंदर हंसते वक्त*

तूने क्या किया?

मिट्टी के अभिमान
गिरीयों के रूप में
बड़े बड़े होकर देखते वक्त

हे मनुष्य,
तू.....
सर्व जंतुओं को
सामान सृष्टि करते
ईश्वर के प्रीति मिलने के लिए
हे मनुष्य
तूने क्या किया?
अंत में,
तुम्हारा बसना,
तुम्हारा बांग्ला
तुम्हारा झूठ,
भागकर आते पानी
के पास

जाते वक्त,

तेरे समान
मनुष्य के पास
एक कमरे में
सोते वक्त,
तू समझा था......
लेकिन,
पास सोनेवालों की
चेहरा देखो,
अब बोलो,
" तेरी वज़ह से......."



# ചിത്രരചനകൾ





















# മഴ തന്ന മേൽവിലാസം

കവിത





പ്രീത ജെ പ്രിയദർശിനി
ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപിക (മലയാളം)

മഴ പറഞ്ഞുതീർത്ത കഥകൾക്ക്
ജീവിതത്തിന്റെ മേൽവിലാസമുണ്ട്
കണ്ണുനീരിന്റെ ഉപ്പുറവകൾ കലർന്ന
ശോകത്തെ തിരിച്ചെടുക്കാനാകാതെ
കടൽ കരയുകയാണ് ഇപ്പോഴും
അതെ കരയിൽ ഒറ്റയ്ക്ക് നിർത്തി
കരയിപ്പിക്കുകയാണ് പിന്നെയും.

മഴ കൊണ്ടുപോയ വീട് തേടി
നടക്കുന്നുണ്ട് അച്ഛൻ.
നിർത്താതെ പെയ്ത മഴ,
തീമഴയായി ഉറഞ്ഞാടി പരിഭവമില്ലാതെ
പടിയിറങ്ങിപ്പോയി.

അടയാളമേ ഇല്ലാതെ പുഴ നാവുകൾ
കടത്തിക്കൊണ്ടുപോയതിൽ
അമ്മയുടെ മിച്ച സമ്പാദ്യങ്ങൾ ഉണ്ടായിരുന്നു.



ഒളിപ്പിച്ച വെച്ച നാണയത്തുട്ടുകൾ,
ചിറകിൻ പള്ളയിൽ ചേർത്ത്-
വളർത്തിയ നാലഞ്ച് കോഴിക്കുഞ്ഞുങ്ങൾ
അടുക്കള മുറ്റത്തെ ചീരത്തണ്ടുകൾ
അങ്ങനെ പലതും..

ഉപ്പിലിട്ടും ഉറ കൂട്ടിവെച്ചും
നനച്ചെടുത്ത സ്വപ്നങ്ങളിൽ ചിലതും
അതിരു വിട്ടോടിയ രണ്ട് ഓട്ടുപാത്രങ്ങൾ
ഒറ്റക്കതവിന്റെ പിന്നിൽ ഒളിച്ചിരുന്ന-
രാകിത്തളർന്ന ചിലവ,
രണ്ട് റബ്ബർ ചെരുപ്പുകൾ എല്ലാം
തെക്കേപ്പുറമ്പിന്റെ അതിരിൽ ഇരുന്ന്
പരിചയം പുതുക്കി..

അവയെല്ലാം വീണ്ടെടുത്തപ്പോൾ
നെഞ്ച് പൊട്ടുന്നുണ്ടാവണം അച്ഛന്
കണ്ടിരിക്കുമ്പോൾ കണ്ണ് നിറയുന്നുണ്ട്
എനിക്കും.....

മുട്ടായിക്ക് ബുദ്ധി വെച്ചാൽ ബുദ്ധിമുട്ടായി
മത്തായിക്ക് ശക്തി വെച്ചാൽ ശക്തിമത്തായി

ഓർക്കേണ്ടത് മറക്കരുത്
മറക്കേണ്ടത് ഓർക്കരുത്

(കുഞ്ഞുണ്ണി മാഷ്)



# ഓരിതൾപ്പൂവ്

കവിത





ആദർശ് യു

ഓരിതൾപ്പൂവേ നീയെന്തേ
ഓണം വന്നതറിഞ്ഞില്ലേ
ഒന്നു കുലുങ്ങിച്ചിരിച്ചാട്ടേ
ഒന്നിച്ചുക്രൂടി രസിച്ചാട്ടേ

നിന്നുള്ളിൽ വിങ്ങുന്ന ദുഃഖമെന്തേ
എന്നോടൊന്നു പറയൂലേ
ഒറ്റക്കു നിന്നെന്തേ ഓർക്കുന്നു
ഓരത്താരുമിന്നില്ലെന്നോ

കണ്ണുനീരാണോ നിന്നിതളിൽ
കാലത്തിനേരത്തു കാണുമ്പോൾ
കപോലമിതെന്തേ വിയർപ്പണിയാൻ
കാര്യമിതെന്നോട് ചൊല്ലാമോ

പൂങ്കാവനത്തിൻ സുഗന്ധമെല്ലാം
സ്വന്തമായ് നേടുവാൻ നീ കൊതിച്ചോ
മോഹിച്ചതെന്തേ നീയെന്നും
വിഹായസ്സിലൊന്നു പറക്കാനോ

നിന്നുടെ തോഴരീ ശലഭങ്ങൾ
നിന്നുള്ളിൽ കിനിയുന്ന സ്നേഹത്തെ
നിന്നുടെ മാറിലമൃതത്തെ
നിയതമത്രു മാത്രം കാംക്ഷിച്ചു

എങ്കിലും നീയതറിയാതെ
ഇതളുകളൊത്തിരി നേടീടാൻ
സൗരഭ്യമൊത്തിരി നേടീടാൻ
സൗകര്യമൊത്തിരി നേടീടാൻ

സ്വന്തം നിലവിട്ടു നീ ചിരിച്ചോ
സ്വർഗ്ഗീയ ജീവിതം നീകൊതിച്ചോ
സാന്ത്വനം പോലും നിനക്കേകാൻ
സ്വന്തക്കാർ പോലുമിന്നില്ലല്ലോ

ഓരിതൾപ്പൂവേ നീയെന്തേ
ഓരോന്നോർത്തിന്നു കേഴുന്നു
ഒറ്റയിതൾപ്പൂവേ നീയെന്തേ
ഒറ്റക്കിങ്ങനെ തേങ്ങുന്നു.......

# ARRIVAL OF SILENCE

## Poem



Sayanth P Raj -10A

*Can you measure the intensity*
*Of nature upon you ?*
*Lonely, fear, lack of food.*


*Almost washed up,*

*Part of flood, which*

*Attacked all the houses.*

*A number of people*
*Beyond all living things*
*Vanished, without leaving*
*Behind a sudden noise.*
*Silence, the Challenger*
*Shaded the 'Gods own'country.*

*Even after the anger,*
*The silent point focuses poverty*
*The event, which is created by*
*Men,struck creaatures.*
*The former did a thing,*
*It has a magical power,*
*This power of connectivity made*
*Kerala to find safety as unity.*



*God's sons protest against,*

*The blow of nature, the diamond*

*Chance made succeed by*

*Forgetting own safety.*

*This realize the strength*

*Of unity.*

*By the event of nature*

*The ever mother tells*

*A message against harrasing*

*Her,divisions.*



*Pray for unity,work for mother tongue,*

*Don't harrass her even when you celebrate*

*Your own needs, nothing wouldn't stay*

*For you,without you.*

*Nature,her silence is good for all organisms,*

*Don't let her to shed it,*


*If so,it causes something*

# കാഴ്ച

ഡിജിറ്റൽ പെയിന്റിംഗ്



മുഹമ്മദ് ഷഹീം 10 A



# നന്ദിയുടെ ഒരു വാക്കുക്രടി...

സൃഷ്ടിയുടെ നൊമ്പരം ശതിക്കും അറിഞ്ഞുകൊണ്ടാണ്
ഈ ഉദാത്തകുഞ്ഞു മാഗസിൻ പിറവികൊണ്ടത്.
കഠിനപ്രയത്നത്തിന്റെയുംഅർപ്പണ ബോധത്തിന്റെയും
സ്വേദകണങ്ങളാൽ അമരത്വംനേടുകയാണ് ഈ കുഞ്ഞു ഭാവനകൾ.
പട്ടങ്ങൾക്ക് ഒരു സവിശേഷതയുണ്ട്. കാറ്റ് ഉണ്ടെങ്കിൽ മാത്രമേ
അവ വിഹായസിൽ ഉയർന്നു പറക്കുകയുള്ളൂ. കൂടാതെ നിയന്ത്രിച്ചു
ഉയരത്തിൽ എത്തിക്കാൻ സമർത്ഥരായ ആരെങ്കിലുമൊക്കെ
ചരട് പിടിക്കുകയും വേണം. അതുപോലെതന്നെ നമ്മുടെ ഈ
കുട്ടി പട്ടങ്ങൾക്ക് കാറ്റായും ചരടായും വർത്തിച്ച  ഒട്ടേറെ ചാലക
ശക്തികൾഉണ്ട്.  ഈസദുദ്യമം പൂവണിയുന്ന വേളയിൽ
പ്രത്യക്ഷമായുംപരോക്ഷമായും സഹായസഹകരണങ്ങളാൽ
കൈത്താങ്ങായ സുമനസ്സുകളെ, വിശിഷ്യ പ്രധാനാധ്യാപിക
ശ്രീമതി. ടെസ്സി ടീച്ചർ, പിടിഎ പ്രതിനിധികൾ, സീനിയർ
അസിസ്റ്റൻറ് ശ്രീ. രമേശൻ സാർ, സ്റ്റാഫ് സെക്രട്ടറി ശ്രീ, സുനിൽ സാർ,
എസ് ആർ ജി കൺവീനർ ശ്രീ അനിൽ സാർ, കൈറ്റ്സ് മാസ്റ്റർ
ശ്രീ.എം ജി ഉണ്ണി സാർ, കൈറ്റ്സ് മിസ്ട്രസ് ശ്രീമതി അമ്പിളി ടീച്ചർ,
മറ്റ് ഗുണകാംക്ഷികളായ മുഴുവൻ അധ്യാപകർ, രചനകളും സൃഷ്ടികളും
തന്ന അധ്യാപക വിദ്യാർഥി പ്രതിഭകൾ,
എഡിറ്റിങ്ങിലും   മറ്റും സഹായിച്ച കൈറ്റ്സ് അംഗങ്ങൾ ..
എല്ലാവരേയും **ലിറ്റിൽ കൈറ്റ്സ്**  നന്ദിയും കടപ്പാടും
ഹൃദയപൂർവ്വം  അറിയിക്കുകയാണ്.



സ്നേഹാദരവോടെ,
അതുല്യ അജീന്ദ്രൻ,
സ്റ്റുഡൻറ് എഡിറ്റർ




little KITEs
MAGAZINE
TALENT
GHSS PADINHARATHARA